


# നവദീപ്തി

ഡിജിറ്റൽ മാഗസിൻ

**ലിറ്റിൽ കൈറ്റ്സ് 2018-2019 യൂണിറ്റ്**

**ജി എച്ച് എസ് എസ് എരഞ്ഞിമങ്ങാട്**

## ആശംസ

പ്രവർത്തനാധിഷ്ഠിതവും ഹൈ ടെക്ക് സാങ്കേതികവിദ്യയിലൂന്നിയ ബോധനരീതിയും ഉൾകൊള്ളുന്ന വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി എരഞ്ഞിമങ്ങാട് ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും വിദ്യാരംഗം കലാസാഹിത്യവേദിയും ചേർന്ന് വിദ്യാർത്ഥികളുടെ സാഹിത്യ സൃഷ്ടികൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന " **നവദീപ്തി** " എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**ബാലകൃഷ്ണൻ**

ഹെഡ് മാസ്റ്റർ

ജി എച്ച് എസ് എസ് എരഞ്ഞിമങ്ങാട്

## ആശംസ

എരഞ്ഞിമങ്ങാട് ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും വിദ്യാരംഗം കലാസാഹിത്യവേദിയും ചേർന്ന് വിദ്യാർത്ഥികളുടെ സാഹിത്യ സൃഷ്ടികൾ ഉൾപ്പെടുത്തി " **നവദീപ്തി** " എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെയേറെ സന്തോഷം .

സാഹിത്യാഭിരുചിയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഡിജിറ്റൽ സങ്കേതങ്ങൾ കൂടെ കുട്ടികൾക്ക് പരിചയപ്പെടുത്താൻ ഇത്തരം പ്രവർത്തനങ്ങൾക്ക് സാധിക്കും . ഇതിന്റെ അണിയറ ശിൽപികൾക്ക് എന്റെ ഹൃദ്യമായ ആശംസകൾ

**ഹാരിസ് ആട്ടീരി**

പി ടി എ പ്രസിഡന്റ്

ജി എച്ച് എസ് എസ് എരഞ്ഞിമങ്ങാട്

## ആശംസ

വിദ്യാർത്ഥികളുടെ സർഗാത്മകശേഷി പരിപോഷിപ്പിക്കാനുതകും വിധം ഇത്തരം പ്രവർത്തനങ്ങൾ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം നേടുന്നതിന് അനിവാര്യമാണ്. എരഞ്ഞിമങ്ങാട് ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും വിദ്യാരംഗം കലാസാഹിത്യവേദിയും ചേർന്ന് വിദ്യാർത്ഥികളുടെ സാഹിത്യ സൃഷ്ടികൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന " **നവദീപ്തി** " എന്ന ഡിജിറ്റൽ മാഗസിന് നമ്മുടെ കൊച്ചുകൂട്ടുകാരുടെ സാഹിത്യാഭിരുചി വളർത്താൻ കഴിയുമെന്നതിൽ സംശയമില്ല. എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**മുസ്തഫ ചോലയിൽ**

എസ് എം സി ചെയർമാൻ

ജി എച്ച് എസ് എസ് എരഞ്ഞിമങ്ങാട്

## ആശംസ

പഠനം പുതുവഴികൾ തേടുന്ന ഈ കാലഘട്ടത്തിൽ കുട്ടികളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുവാൻ എരഞ്ഞിമങ്ങാട് ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും വിദ്യാരംഗം കലാസാഹിത്യവേദിയും ചേർന്ന് വിദ്യാർത്ഥികളുടെ സാഹിത്യ സൃഷ്ടികൾ ഉൾപ്പെടുത്തി " **നവദീപ്തി** " എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിന് കഴിയും

ഈ സാഹിത്യ സൃഷ്ടി വരും തലമുറകൾക്കും ഒരു പ്രചോദമാകട്ടെ എന്നാശംസിക്കുന്നു.

**ബീന പി കുമാർ**

എം ടി എ പ്രസിഡന്റ്

ജി എച്ച് എസ് എസ് എരഞ്ഞിമങ്ങാട്

**രക്ഷാധികാരികൾ**

**ശ്രീ. പി. ടി ഉസ്മാൻ , ചാലിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്**

**ശ്രീമതി ഷേർളി വർഗ്ഗീസ് , മലപ്പുറം ജില്ല പഞ്ചായത്ത് മെമ്പർ**

**ശ്രീ. ഹാരിസ് ആട്ടീരി , പി ടി എ പ്രസിഡന്റ്**

**ശ്രീ. മുസ്തഫ ചോലയിൽ, എസ് എം സി ചെയർമാൻ**

**ശ്രീമതി. ബീന പി കുമാർ, എം ടി എ പ്രസിഡന്റ്**

**ചീഫ് എഡിറ്റർ**

**ശ്രീ. ബാലകൃഷ്ണൻ. കെ, ഹെഡ്മാസ്റ്റർ**

**സ്റ്റാഫ് എഡിറ്റർ**

**ശ്രീ. ഗോപകുമാർ. എ**

**എഡിറ്റോറിയൽ ബോർഡ്**

**സുകുമാരൻ. ഇ , സീനിയർ അസിസ്റ്റന്റ്**

**ഹംസ പരപ്പൻ , SITC**

**വിനോദ്കുമാർ . കെ.പി**

**സജേഷ് ആനപ്പാൻ**

**ജോഷി. കെ. വി**

**ദീപ. കെ. ജി**

**മുഹമ്മദ് ഷാഫി. പി**

**ഹസീന. ഇ**

**നസീറ**

**സ്റ്റുഡന്റ് എഡിറ്റേഴ്സ്**

**സാന്ദ്ര ദാസ്**

**റിഥ എം ടി**

**ജാസിം ഖാലിദ്**

**ജഹാൻഷ**

**അനന്ദു**

**ആദിൽ ബാബു**

**പ്രവ്യ പ്രകാശ്**

**ദിൽന കബീർ**

**വൈഷ്ണ. എൻ**

**ദേവിക. റ്റി. വി**

**ധന്യമോൾ. സി എസ്**

**ആദിശ്രീ**

**ഏദ്യ**

**അശ്വതി**

**അഞ്ജന**

**മുഹമ്മദ് സ്വാലിഹ്**

**ജെൻസൺ**

**നിത ഷെറിൻ എ പി**

**ഷമിത ഷെറിൻ**

**സന്ദൂബ് എം**

# താളുകളിലൂടെ

ഓർമ്മകളുടെ നാളുകൾ......6
കലമാനും പേടമാനും......7
നിക്കോവിന്റെ ഭാര്യ......8
ആൽമരം......10
ഗാന്ധിജിയെ അടുത്തറിയാൻ......11
*പൂമലക്കാട്ടിലെ നെല്ലിമരം*......12
സ്വത്ത് മൂലം തകർന്ന കുടുംബം......13
മടിയൻ ചിപ്പു!......14
ഒരു ജനനം ഒരു മരണം......15
പാവം പാവം ഗ്രാവിറ്റി !......16
കടംകഥകൾ......17
മഴതുള്ളികൾ......19
വൈലോപ്പിള്ളി കവിതകളെ കുറിച്ചല്പം......20
അത്യാഗ്രഹം......22
യാത്രാവിവരണം......23
ഭയക്കുന്നു ഞാൻ ഓമലേ......25
സൗഹൃദം......26
ഞാൻ അറിഞ്ഞ ഇന്ത്യ......27
അധ്വാനം സമ്പത്ത്......28
നിൻ സഞ്ചയനത്തിനായ്......29
കുട്ടനും ലല്ലുവും......30
നമ്മുടെ സാഹിത്യ നായകർ......31

# ഓർമ്മകളുടെ നാളുകൾ



സാന്ദ്ര ദാസ്.എ 9.F

എൻ ബല്യം മുതൽക്കെന്നെ
കൈ പിടിച്ചുയർത്തിയെൻ
നെഞ്ചിലെ ജീവന്റെ തുടപ്പ്
പോലയണെൻ അമ്മതൻ വാത്സ്യം

കാറ്റിന്റെ ഒരു തലോടൽ പോലെ
സ്നേഹത്തിൻ തുവൽ പോലെ
വെളിച്ചത്തിൻ നിഴലു പോലെ
ഓർക്കുന്നു ഞാനാ നാളുകളിന്നും

ഓർമ്മകളുടെ ആഴങ്ങളിൽ
വഴുതി വീഴുമ്പോൾഴും
ആ വാത്സല്യമെന്നിൽ നിറഞ്ഞുനിന്നു
അമ്മയില്ലാത്ത നാളുകളെന്നിൽ
വിങ്ങലായ് മനസിൽ കൊണ്ടാടുന്നു

സ്നേഹമെഞ്ഞെന്ന് പഞ്ഞുതന്നനാളുകൾ
എന്നെ നെഞ്ചോടു ചേർത്ത്
മുത്തം തന്ന നാളുകളെല്ലാം
ഇന്നുമെൻ മുന്നിലൂടെ മിന്നി മറയുന്നു

അത്രയുമെൻ നെഞ്ചിലെ
ചുടുരക്തം പോലെയാണെന്നെൻ
അമ്മതൻ മാതൃ സ്നേഹം
ഇന്നും ഞാൻ ഓർക്കുന്നു നാളുകളിൽ
അമ്മയില്ലാത്തതിൻ വേദന

(മലയാളം കമ്പ്യൂട്ടിംഗ് : അംന.എം 9.F )

# കലമാനും പേടമാനും



ജെൻസൺ.എം.എസ്

ഉൾക്കാട്ടിൽ സുന്ദരിയായ ഒരു പേടമാൻ വസിച്ചിരുന്നു. ചന്ദ്രപ്രകാശത്തിൽ അവളെ കാണുവാൻ അതിസുന്ദരിയായിരുന്നു. ഏത് മാനിനെയും ആകർഷിക്കുന്ന വിശാലമായ ഉരുണ്ടകണ്ണുകളായിരുന്നു അവളുടേത്.

ഒരു കലമാന് അവളോട് ഗാഢമായ പ്രേമം തോന്നി.അവൾ പോകുന്ന ഇടങ്ങളിലെല്ലാം അവൻ അവളെ അനുഗമിക്കുമായിരുന്നു. അവൾ തന്റേതു മാത്രമായിരിക്കണം എന്നവൻ വിചാരിച്ചു. മറ്റുമാനുകൾ അവളോടു സംസാരിക്കുന്നതു പോലും അവൻ വിലക്കി.

കലമാന്റെ പ്രവൃത്തിയിൽ പേടമാനും അസഹ്യതയുണ്ടായി. അവൾ പറഞ്ഞു: ഹേ കലമാനേ, ദയവുചെയ്ത് എന്റെ പുറകെ നടക്കാതെ,നിന്നെ സഹിക്കുവാനെനിക്കാവുന്നില്ല. എന്നാൽ നിന്നോട് യാതൊരു തരത്തിലുള്ള വികാരവും തോന്നുന്നില്ല. എന്നാൽ കലമാൻ അതൊന്നും ചെവിക്കൊണ്ടില്ല. അവൻ തന്റെ രീതികൾ തുടർന്നു.

അപ്പോഴാണ് വേട്ടക്കാർ ആ പ്രദേശത്ത് തമ്പടിച്ചിട്ടുണ്ടെന്ന് ആ കാട്ടിൽ പരന്നത്. പേടമാൻ വിശന്നിരിക്കുകയായിരുന്നു. വേട്ടക്കാർ കെണിയൊരുക്കുന്നിടത്തെ സമൃദ്ധമായ പുല്ല് അവളെ കൊതിപ്പിച്ചു. അവൾ അങ്ങോട്ടു പുറപ്പെട്ടു. പേടമാൻ അവൾക്ക് നിർദ്ദേശം നൽകി. പ്രിയതമേ, അങ്ങോട്ടു പോകരുത്, വേട്ടക്കാർ കെണിവച്ചിരിക്കുകയാണ് പേടമാൻ പറഞ്ഞു. എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം അവൾ പറഞ്ഞു. അവൾ ഏതെങ്കിലും കെണിയിൽ അകപ്പെടുമെന്ന് അവന് ഉറപ്പായി, അവൻ അവളുടെ മുന്നിലൂടെ കുതിച്ചു പാഞ്ഞു. ഒരുക്കി വച്ചിരുന്ന കെണിയിൽ അകപ്പെടുകയും ചെയ്തു. അപ്പോഴാണ് അവൾക്ക് കലമാന്റെ സ്നേഹം മനസ്സിലായത്. അവൾ തന്റെ സർവ്വ ശക്തിയുമെടുത്ത് അവനെ കെണിയിൽ നിന്നു വലിച്ചു പുറത്താക്കി. കലമാൻ സ്വതന്ത്രനായി പിന്നീടുള്ള കാലം ജീവിച്ചു.

(മലയാളം കമ്പ്യൂട്ടിംഗ് : Dilna kabeeR )

# നിക്കോവിന്റെ ഭാര്യ



ആതിര.എ

റഷ്യയിൽ നിക്കൊാവ് എന്നൊരു കർഷകൻ ഉണ്ടായിരുന്നു.മിഷേൻ, എന്നായിരുന്നു അയാളുടെ ഭാര്യയുടെ പേര്.സന്തോഷത്തോടയും,സ്നേഹത്തോടയും ജീവിച്ചിരുന്ന ഒരു കുടുംബമായിരുന്നു അവരുടേത്.

അവർക്ക് രണ്ട് പശുക്കളുണ്ടായിരുന്നു,നിക്കൊാവ് മിഷേനോട് പറഞ്ഞു "നോക്കു നമുക്ക് രണ്ട് പശുക്കളുണ്ടല്ലൊ,ഒന്നിനെ വിൽക്കാം"
അതുശരിയാണല്ലൊ,ഒരു പശുവിറ്റാലും രണ്ടാമത്തെ പശുമതി ജീവിക്കാൻ,കൈയ്യിൽ ആവശ്യത്തിന് പണവുമുണ്ടാവും.ഭാര്യയുടെ ബുദ്ധി നിക്കോവിന് ഇഷ്ടപ്പെട്ടു.

അടുത്ത ദിവസം തന്നെ പശുവുമായി നിക്കോവ് ചന്തയിലേക്ക് പുറപ്പെട്ടു,കുറച്ചു ദൂരം ചെന്നപ്പോൾ അതാ വരുന്നു കുതിരയുമായി ഒരാൾ. നിക്കോവിന്റ പശുവിനെ നോക്കി അയാൾ പറഞ്ഞു:'"ചങ്ങാതി എനിക്കൊരു പശുവിനെ ആവശ്യമുണ്ട് ,എനിക്ക് ഇതിനെ തന്നേക്കു,
പകരം ഈ കുതിരയെ തരാം" നിക്കോവ് കുറച്ച് നേരം ആലോചിച്ചു, എന്നിട്ട് പശുവിനെ കൊടുത്ത് കുതിരയെ വാങ്ങി വീണ്ടും നടന്നു.

അപ്പാൾ ആടുമായി പോകുന്ന ഒരാൾ നിക്കോവിന്റെ അടുത്ത് ചെന്നു,എന്നിട്ട് "ആ കുതിരയെ തരാമെങ്കിൽ ഈ ആടിനെ നിങ്ങൾക്ക് തരാം" കുതിരയെക്കാൾ നല്ലത് ആടുതന്നെ നിക്കോവ് ആടിനെ ഇഷ്ടപ്പെട്ടു. ആടിനേയും കൂട്ടി നിക്കോവ് വീണ്ടും നടന്നു. ഇത്തവണ മുന്നിലേക്ക് വന്നത് കോഴിയുമായി ഒരു സ്ത്രീയാണ്, സ്ത്രീചോദിച്ചു "ഈ  കോഴിയെ നോക്കി ഞാൻ മടുത്തു, ഇതിനു പകരം

ആ ആടിനെ എനിക്ക് തരുമൊ? കോഴിയേയും വാങ്ങി നിക്കോവ് നടന്നു. കുറേ ചെന്നപ്പോൾ കലശലായ വിശപ്പും തുടങ്ങി, ഇപ്പോൾ ഞാൻ വിശന്നു ചാകും.അതിനു മുമ്പ് കോഴിയെ വിറ്റ് വല്ലതും വാങ്ങിക്കഴിക്കാം എന്നു കരുതിയ നിക്കോവ് , കോഴിയെ കിട്ടിയ വിലക്ക് വിറ്റ് ഭക്ഷണം കഴിച്ചു.

തിരിച്ച് വീട്ടിനടുത്തെത്തിയപ്പോൾ അയൽക്കാരൻ നിക്കാവിനോട് ചോദിച്ചു"പശുവിനെ വിറ്റ് എത്ര കിട്ടി" നിക്കോവ് ഉണ്ടായ സംഭവമൊക്കെ പറഞ്ഞു. "നിങ്ങളുടെ ഭാര്യയിൽ നിന്നും നല്ല വഴക്ക് കിട്ടും നോക്കിക്കൊ ഇല്ലെങ്കിൽ നാൻ "നൂറു" രൂപ തരും" നികോവ് അയൽക്കാരനെ വാതിലിനടുത്ത് നിർത്തിയിട്ട്, അകത്തേക്ക് കയറി. മിഷേൽ നിക്കോവിനെ കാത്തിരിക്കുകയായിരുന്നു..

പശുവിനെ കൊടുത്ത് ഞാനൊരു കുതിരയെ വാങ്ങി. നിക്കൊാവ് പറഞ്ഞു പശുവിനെക്കാൽ നല്ലത് കുതിരതന്നെ മിഷേലിന് സന്തോഷമായി. പക്ഷെ ഇപ്പോൾ എന്റെ കൈയ്യിൽ കുതിരയില്ല,ഞാനതിനെകൊട്ടുത്ത് ഒരു ആടിനെ വാങ്ങി .നന്നായി,,, ആട്ടിൻ പാല് വളരെ നല്ലതാണ്. മിക്ഷേൽ പറഞ്ഞു . " പക്ഷേ ആടിനെ കൊടുത്ത് ഞാനൊരു കോഴിയെ വാങ്ങി ". അപ്പോൾ മിഷേൽ പറഞ്ഞു : "അതുനന്നായി എന്നും മുട്ടകഴിക്കാമല്ലോ ? "

" പക്ഷേ , എന്റെ കൈയിൽ കോഴിയുമില്ല . ഞാനതിനെ വിറ്റ് ഭക്ഷണം കഴിച്ചു . അത് ഏറ്റവും നന്നായി നിങ്ങളുടെ ആരോഗ്യം കാത്തല്ലോ " . മിഷേൻ സന്തോഷത്തോടെ പറഞ്ഞു . ഇതു കേട്ടതും അയൽക്കാരൻ അകത്തേക്കു വന്നു ." നിങ്ങളുടെ സ്നേഹം കണ്ട് ഞാൻ അതിശയിച്ചു പോയി. ഞാൻ പന്തയത്തിൽ തോറ്റിരിക്കുന്നു ."ഇതാ നൂറ് രൂപ എന്നു പറഞ്ഞ് അയൽക്കാരൻ പണം നൽകി തിരിച്ചു പോയി .

(മലയാളം കമ്പ്യൂട്ടിംഗ് : Dilna kabeeR )

# ആൽമരം



പ്രവ്യ പ്രകാശ് 9G

*ഒറ്റക്കൊരാൽമരച്ചുവട്ടിൽ ഇരിപ്പൂ ഞാൻ*
*പുഷ്പത്തിന് ഒറ്റയിതൾ പോൽ*

*എൻ മനം ഏകാന്തമാകുന്നു*
*വേനലിൽ വരണ്ടൊരരയാൽ*

*ഇത്തിരി ജലത്തിനലയുന്നതു പോൽ*
*എൻ മനം ഒരാശ്രയത്തിനായ് അലയുന്നു .*

*പെട്ടന്നൊരു വേനൽ മഴ വന്നുവെന്ന് എൻ മനം*
*ആഗ്രഹിച്ചു , ഭൂതകാല മത്രുയും ചെയ്തു*

*പാപങ്ങൾ ഓർത്ത് ഞാൻ മനസ്തുപിക്കുന്നു*
*ഞാൻ ഇന്ന് ഒരിറ്റ് വെള്ളത്തിനായി കാത്തിരിക്കുന്നു .*

(മലയാളം കമ്പ്യൂട്ടിംഗ് : വൈഷ്ണ .എൻ 9G )

# ഗാന്ധിജിയെ അടുത്തറിയാൻ



വിഷ്ണു .എ

1.ഗാന്ധിജി ജനിച്ചതെന്നാണ് ?
1869 ഒക്ടോബർ 2
2.എവിടെയാണ് ?
ഗുജറാത്തിലെ പോർബന്തറിൽ
3.മാതാപിതാക്കളുടെ പേരുകൾ ?
മാതാവ് പുത്ബിലായി പിതാവ് കരംചന്ദ് ഗാന്ധി
4.സ്ക്കൂൾ വിദ്യാഭ്യാസം എവിടെയായിരുന്നു ?
വിദ്യാരംഭം പോർബന്തറിലും പ്രൈമറി ഹൈസ്ക്കൂൾ വിദ്യഭ്യാസംരാജ്കോട്ടിലും
5.മാതാപിതാക്കളിട്ട പേര് എന്താണ് ?
മോഹൻദാസ്
6.വിവാഹം എന്നായിരുന്നു ?
1882–ൽ ഹൈസ്ക്കൂളിൽ പഠിച്ചിരുന്ന കാലം
7.ആരെയാണ് വിവാഹം ചെയ്തത് ?
കസ്തൂർബ ഭായി. പോർബന്തറിലെ വ്യാപാരിയായിരുന്ന ഗോഗുൽദാസ് മകാൻജിയുടെ മകൾ
8.മെട്രിക്കുലേഷൻ പാസായതെന്നാണ് ?
1887–ൽ
9.പിതാവ് മരിച്ചതെന്നാണ് ?
1885–ൽ
10.എന്നാണ് ദക്ഷിണാഫ്രിക്കയിലേക്ക് യാത്ര തിരിച്ചത് ?
1893–ൽ ഏപ്രിലിൽ
11.ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിലേക്ക് മടങ്ങിയതെന്നാണ് ?
മൂന്ന് വർഷത്തെ താമസത്തിനു ശേഷം 1896 മധ്യത്തോടെ
12.ഭാര്യയുംകുട്ടികളുമായി ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ചെന്നതെന്നാണ് ?
1897–ൽ
13. എന്നാണ് ബ്രഹ്മചര്യാവ്രതം എടുത്തത് ?
1906–ൽ
14.സത്യാഗ്രഹം തുടങ്ങിയതെന്നാണ് ?
1906 –ൽ
15.ആദ്യത്തെ ജയിൽ ജീവിതാനുഭവം എന്നാണ് ഉണ്ടായത് ?
1908–ൽ
16. ഗാന്ധിജി സ്ക്കൂൾ മാസ്റ്റർ ആയത് എവിടെ വെച്ചാണ് ?
ടോൾസ്റ്റോയി ഫാമിൽ . 1911–12 കാലത്താണിത്
17. സത്യാഗ്രഹാശ്രമം സ്ഥാപിച്ചതെന്നാണ് ?
1915 മെയ് 15–ന്
18.ഗാന്ധിജി ഏതെല്ലാം ഭാഷകളിൽ എഴുതിയിരുന്നു
ഗുജറാത്തി,ഇംഗ്ലീഷ്,ഹിന്ദി
19.സത്യാഗ്രഹശ്രമം സബർമതി നദിക്കരയിലേക്ക് മാറ്റിയതെന്നാണ് ?
1917 ജൂണിൽ
20. ഗാന്ധിജിയുടെ ആത്മീയ ശിഷ്യനാരാണ് ?
വിനോബാ ഭാവെ

(മലയാളം കമ്പ്യൂട്ടിംഗ് : നിതാ ഷെറിൻ എ.പി & ഷമിതാഷെറിൻ കെ )

# പൂമലക്കാട്ടിലെ നെല്ലിമരം



ആതിര എ

പൂമലക്കാട്ടിലെ ഒരു മലയിൽ ഒരു പാവം നെല്ലിമരം ഉണ്ടായിരുന്നു.
മറ്റുമരങ്ങൾ അതിനെ എപ്പോയും കളിയാക്കുമായിരുന്നു.
എടാ.... നെല്ലി..നിന്നെ എന്തിനു കൊള്ളും...നിന്റെ തടി വിറകിനു പോലും
വേണ്ട. കായ്ക്ക്ൾക്കാവട്ടെ പുളിയും ചവർപ്പും.നീ ഈ വൃക്ഷകുലത്തിനു
അപമാനവുമാണ്.പാവം നെല്ലി അതെല്ലാം കേട്ട് തല കുനിച്ചു നിന്നു....

അങ്ങനെയിരിക്കെ കൊടും വരൾച്ച വന്നു.
കാടും നാടും ഉണങ്ങികരിഞ്ഞു.മൃഗങ്ങൾ പട്ടിണിപൂണ്ട് നെട്ടോട്ടമായി.
കുറ്റിച്ചെടികളും പുല്ലും തീരെ ഇല്ലാതെയായി.
വിശന്നു വലഞ്ഞ ഒരു പുള്ളിമാനും ഭക്ഷണത്തിനുവലഞ്ഞു.
ഒടുവിൽ അവർ പ്ലാവിനെ സമീപിച്ചു പ്ലാവുമരമേ ഞങ്ങൾക്ക് വിശന്നിട്ടുവയ്യ ഒരു ചക്കപ്പഴം
തരുമോ "ഹും ചക്കപ്പഴം കടന്നുപോകുന്നുണ്ടോ....
ഇല്ലെങ്കിൽ നിങ്ങളെ ചമ്മന്തിയാക്കും ഞാൻ................."
മാവിനോടും ആഞ്ഞിലിയോടുംഎല്ലാം ചോദിച്ചു ഒടുവിൽ മാൻകുട്ടി നെല്ലി മരത്തെ ദയനീയമായി നോക്കി. നെല്ലിമരം, കൊമ്പുത്താഴ്ത്തി ധാരാളം നെല്ലിക്കകൾ നൽകി. അവർ സന്തോഷത്തോടെ നെല്ലിക്ക തിന്നു വിശപ്പുമാറ്റി

ഹായി എന്തു രുചി.....തേൻ.വരിക്കയും
തേൻ മാമ്പഴവും ഉണ്ടായിട്ടെന്താ.......ആർക്കും ഉപകാരമില്ലത്ത അവയേക്കാൾ എത്ര നല്ലതാകുന്നു.
നെല്ലിക്കകൾ മാനുകളുടെ വാക്കുകൾ കേട്ട് വൻ മരങ്ങൾ തന്റെതലതാഴ്ത്തി....

(മലയാളം കമ്പ്യൂട്ടിംഗ് : *Sanoob.M & Jahansha.K* )

# സ്വത്ത് മൂലം തകർന്ന കുടുംബം



ബിൻസി. പി

മറ്റൊരു നാട്ടിൽ നിന്ന് കുടിയേറി വന്ന ഒരു അപ്പനും അമ്മയും ഇവർക്ക് അഞ്ച് ആൺ മക്കളായിരുന്നു ഉണ്ടായിരുന്നത് മൂത്തമകൻ രാമു രണ്ടാമത്തെമകൻ അപ്പു മൂന്നമത്തെമകൻ ദൊപ്പു നാലമത്തെ മകൻ ചക്കു ഇളയവൻ സച്ചു ഇവരാണ് ഈ കഥയിലെ നായകർ

ഒരുപാട് കഷ്ട്പെട്ട് അധ്വാനിച്ച് ഒരുപാട് സ്വത്തുകളുടെ അവകാശികളായി ഈ മാതാപിതാക്കൾ , സ്നേഹം  കുടുംബത്തിൽ നിറഞ്ഞു നിന്നു മക്കളുടെ ഇടയിൽ സഹോദര സ്നേഹം വളർന്നു വന്നു ഏത് പ്രതിസന്ധിയിലും ഒറ്റകെട്ടായി ആ മക്കൾ പ്രവർത്തിച്ചു

കാലങ്ങൾ ഒരുപാട് മാറി മക്കളുടെയിടയിലും മാറ്റങ്ങൾ സംഭവിച്ചു അപ്പന്റെയും അമ്മയുടെയു സ്വത്തിന്റെമേൽ ആയി ആ നാലു മക്കളുടെയും കണ്ണ് മക്കളുടെ ആഗ്രഹം മനസ്സിലക്കിയ ആ പാവം അപ്പനും അമ്മയും സ്വത്ത് ഭാഗം ചെയ്തു കൊടുത്തു.സ്വത്ത് കിട്ടിയതോടെ നാലു മക്കളും അപ്പനെയും അമ്മയെയും വിട്ട് സ്വന്തം കാര്യം തേടിപ്പോയി ഇളയവൻ ആ അപ്പന്റെയും അമ്മയുടെയും കൂടെ കഴിഞ്ഞു. ആ നാലു ചേട്ടൻ അനിയൻമാരുടെയും മനസിൽ ആ ഇളയമകനായ സച്ചു വില്ലനായി തീർന്നു. അപ്പനും അമ്മയും സ്വത്ത് ഇനിയും നൽകുമോ എന്ന ചിന്തയാകും ചേട്ടമൻമാരുടെ മനസ്സിൽ ആ അനിയനെ വില്ലനാക്കി തീർത്തത് .

(മലയാളം കമ്പ്യൂട്ടിംഗ് : ANANDU & JENSON )

# മടിയൻ ചിപ്പു!



കീർത്തന

പണ്ട് പണ്ട് തേൻമലക്കാട്ടിലൊരു കുരങ്ങച്ചനുണ്ടായിരുന്നു ചിപ്പു എന്നായിരുന്നു അവന്റെ പേര്.മഹാ മടിയനായിരുന്നു ചിപ്പു. ഒരു ദിവസം ചിപ്പു കുരങ്ങച്ചൻ വിശന്നു വലഞ്ഞ് കാട്ടിലൂടെ നടക്കുമ്പോഴുണ്ട് ഒരു മാവിൽ പഴുത്തു തുടുത്ത മാങ്ങകൾ!അവനുണ്ടോ അത് കണ്ടപ്പോൾ കൊതിയടക്കാൻ കഴിയുന്നു?പക്ഷേ ചിപ്പു കുരങ്ങച്ചൻ ഒരു മഹാ മടിയനല്ലേ?അവൻ ചുറ്റും നോക്കി.അപ്പോഴതാ
മാവിന്റെ കൊമ്പിലിരുന്ന് കാക്കകുന്നിലെ കിങ്ങിണി കാക്കയമ്മ
പഴുത്തു തുടുത്തൊരു മാമ്പഴം കൊത്തി കൊത്തി തിന്നുന്നു.ഉടനെ
ചിപ്പു കുരങ്ങച്ചൻ കിങ്ങിണി കാക്കയമ്മയോട് ചോദിച്ചു കാക്കമ്മേ .......കാക്കമ്മേ എനിക്കൊരു മാമ്പഴം തരുമോ?
കിങ്ങിണി കാക്കയമ്മ വേഗം മാമ്പഴം മുഴുവനും കൊത്തി കൊത്തി തിന്നു.എന്നിട്ട് പറഞ്ഞു ഹും നിനക്ക് മരം കയറാൻ അറിയാമല്ലോ?മാമ്പഴം വേണമെങ്കിൽ മരത്തിൽ കയറി പറിച്ചു തിന്നോ.

അതു കേട്ടപ്പോൾ ചിപ്പു കുരങ്ങച്ചന് വല്ലാത്ത ദേഷ്യം വന്നു.അവൻ ഒന്നും മിണ്ടാതെ മുന്നോട്ടു നടന്നു. കുറച്ചു ദൂരം ചെന്നപ്പോഴതാ ഒരു ഏത്തവാഴയിൽ ഏത്തക്കുല പഴുത്തു നിൽക്കുന്നു! ഏത്തപ്പഴം കണ്ടപ്പോൾ ചിപ്പുവിന് കൊതിയായി.പക്ഷേ മഹാ മടിയനല്ലേ അവൻ.അവൻ ചുറ്റും നോക്കി. അപ്പോഴതാ അണ്ണാൻ കുന്നിലെ കുഞ്ഞനണ്ണാൻ ഏത്തപഴം കപ്പം കപ്പം വെട്ടി വിഴിങ്ങുന്നു.അതു കണ്ട ചിപ്പു കുരങ്ങൻ ചോദിച്ചു കുഞ്ഞനണ്ണാനെ എനിക്കൊരു ഏത്തപ്പഴം തരുമോ?
കുഞ്ഞനണ്ണാന് വേഗം ഒരു ഏത്തപ്പഴം മുഴുവനും അകത്താക്കിയിട്ട് ഛിൽ.....!ഛിൽ.....! എന്ന് ചിലച്ചു കൊണ്ട് പറഞ്ഞു

" ഹും നിനക്ക് വേണമെങ്കിൽ നീ പറിച്ചു തിന്നോ. “

(മലയാളം കമ്പ്യൂട്ടിംഗ് : ആദിൽ ബാബു V.F & ഷഹാസ് M.T )

# ഒരു ജനനം ഒരു മരണം



അഭിനന്ദ് 9F

മൂന്നു വർഷങ്ങൾ കടന്നു പോയ്;
സന്ധ്യയിൽ
മൂകമയ് വാനിടം കമ്പിട്ടു കയ്യേഴവേ

ഈണ മുറിയ്ക്കുള്ളിലാമ്മതന്റെ ജീവിത
രാവിൽ നിന്നാനിത്യവാസരം പൂകവേ,

നിന്നുമാമാത്മാവിലൂറിയ കണ്ണുനീർ-
ത്തുള്ളികൾ ചുണ്ടത്തിറുക്കിയടച്ച ഞാൻ

കന്നികൾ പൂത്തു
കരിഞ്ഞു പോയ് മേടങ്ങൾ

തണ്ണീർക്കുടങ്ങൾ
കവിള്ത്തി വർഷാംഗന
ഇന്നിതാ വീണ്ടുമിവിടെ ഞാനശ്രുക്കൾ
ചുണ്ടിലെ പ്പൂവിൽ മധുവാക്കി നിലയ്ക്കണം
ഇന്നീ വിരുന്ന കാരിയ്ക്കു വാലത്സല്യമാം
നെയ്യും നറുതേനുമീയച്ചനേകവേ
കുഞ്ഞേ തിളക്കമുണ്ടന്തരീക്ഷത്തിൽ ഞാൻ
വെല്ലുകയല്ലേ മൃതിയുടെദൂതനെ

(സ്വാതന്ത്ര്യംത്തെകുറിച്ചോരു ഗീതം)

(മലയാളം കമ്പ്യൂട്ടിംഗ് : HISHAM ABOOBACKER MK )

# പാവം പാവം ഗ്രാവിറ്റി !



*Ashjan*

ഗ്രാവിറ്റി,അഥവാ ഗുരുത്വാകർഷണബലം എന്ന് കേൾക്കാത്തവർ  ഉണ്ടാവില്ല.

ഭൂമിയിലെ സകല ജീവികളെയും മരങ്ങളേയുമെല്ലാം നേരെനിൽക്കാൻ സഹായിക്കുന്ന,അന്തരീക്ഷത്തെ ഭൂമിക്കുചുറ്റും പിടിച്ച നിർത്തുന്ന,എന്തിന് ചന്ദ്രനെ ഭൂമിക്കുചുറ്റും കറങ്ങാൻ ഇടയാക്കുന്ന ശക്തിയാണ് ഗ്രാവിറ്റി എന്നും കേട്ടു കാണും.

ഇതൊക്കെ കേൾക്കുമ്പോൾ ഈ ഗ്രാവിറ്റി ഒരു ദയ തന്നെ   എന്ന് തോന്നാൻ തിരക്കില്ല.പക്ഷെ സത്യം അതല്ല പ്രപഞ്ചത്തിലെ ഏറ്റവും ക്ഷീണം പിടിച്ച ബലമാണ് ഗ്രാവിറ്റി

(മലയാളം കമ്പ്യൂട്ടിംഗ് : *Arshadrahman* )

# കടംങ്കഥകൾ



വിഷ്ണു എ

★ അകം കല്ലും തോലും പൊറം പൊന്തം പൊന്തം

➡ പുക

★ അകത്തിരിപ്പോനെ പുറത്തുകാട്ടും കണ്ണാടി

➡ വാഴ

★ അകത്തേക്ക് പോകുമ്പോൾ പച്ച പുറത്തേക്കുവരുമ്പോൾ ചുമപ്പ്

➡ സൂചി

★ അകന്നു നിന്നു നോക്കി കാണും കണ്ടതെല്ലാം ഉള്ളിലാക്കും

➡ പമ്പരം

★ അകത്തു രോമം പുറത്തിറച്ചി

➡ പപ്പടം

★ അകത്തു തിരിയിട്ടു പുറത്തു മുട്ടയിട്ടു

➡ കൺ

★ അകമില്ല പുറമില്ല ഞെട്ടിയില്ല വട്ടയില്ല

➡ കന്നികുരു

★ അക്കരെ വീട്ടിലെ പശുവിന് ഇക്കരെ വീട്ടിലെ കുറ്റൻ മാക്രിയിട്ടപ്പോൾ ചീന

➡ കമ്മൽ പിടിച്ചു

★ അക്കരെ നിൽക്കും കൊമ്പൻ കാളക്ക് അറുപത്തിനാല് മൂടിക്കയർ

➡ കറിവേപ്പില

★ അക്കരെ നിൽക്കും കൊകാമ ഇക്കരെ നിൽക്കെ കൊക്കാമ്പി കടലിൽ ചാടും കൊക്കാമ്പി

➡ തേരട്ട

★ അങ്ങേ വീട്ടിൽ മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ മുറ്റമടി

➡ ദോശ

★ അങ്ങോട്ടും ഇങ്ങോട്ടും സംബന്ധം ഈ വീട്ടമ്മയ്ക്ക് നിർബന്ധം

➡ കടുക് വറുത്ത് കറിയിലിടുക

★ അച്ഛൻ മുള്ളൻ,അമ്മ മിനുമിനു,മോൾ മണിമണി

➡ തലമുടി

★ അക്കരെ ഇക്കരെ നിൽക്കും കട്ട്യാന ചോടെ മിതെ പോകും കട്ട്യാന

➡ കുരുമുളക്ക്

★ അക്കരെ നിൽക്കും തുഞ്ചണി ഇക്കരെ നിൽക്കും തുഞ്ചണി കൂട്ടമുട്ടും തുഞ്ചണി

➡ ചിതൽ

★ അച്ചൻ തന്ന ചോറുരുള തിന്നിട്ടും തിന്നിട്ടും തീരുന്നില്ല

➡ മിന്നാമിനുങ്ങ്

★ അച്ചൻ തന്ന ചേല മുക്കിട്ടും മുക്കിട്ടും നനയുന്നില്ല

➡ നീല ശംഖപുഷ്പം

★ അച്ഛൻ തന്ന വെൺപട്ട് ഉടുത്തിട്ടുമ ഉടുത്തിട്ടും തീരുന്നില്ല

➡ നക്ഷത്രങ്ങളുള്ള ആകാശം

(മലയാളം കമ്പ്യൂട്ടിംഗ് : *രാഹുൽ. എ* )

# മഴതുള്ളികൾ



ഹിബ .എ

കാർമേഘമാർന്ന വാനിൽ നിന്ന്
തളിർമാവിലകളിലൂടെയും ആലിലകളിലൂടെയും
കുഞ്ഞിമന്ദാരപ്പൂവിതളുകളിലൂടെയും
ഊറി വീണ്ടടയുന്ന കുളിർ മഴത്തുള്ളികൾ

ഭൂമിതൻ മാറിലേക്ക് അണയും
ജീവന്റെ നാളം പകർന്നുകൊണ്ട്
കുഞ്ഞു തൈകൾതൻ വേരിലേക്കും
ജീവൻ പകരുന്നു,ആകാശമറ്റം
വളർന്നു തണലേകും തരുവംകുവാൻ
ഹരിതമോഹനത്തിൻ ജീവനെ
കൈവെടിയാതെ വേരുകളിൽ മുറുകെ
മാറോടണക്കുവാൻ

പ്രപഞ്ചലോകത്തേയും തൻ തെളിനീർ
ജ്വാലയിൽ കുളിപ്പിച്ചു പച്ചപാർത്താൻ
ഒഴുകിയെത്തുന്നീ മഴത്തുള്ളികൾ

(മലയാളം കമ്പ്യൂട്ടിംഗ് : രാഹുൽ. എ )

# വൈലോപ്പിള്ളി കവിതകളെ കുറിച്ചല്പം

**നന്ദന**

മലയാള കവികളിൽ ഏറ്റവും പ്രശസ്തനായ കവിയാണ വൈലോപ്പിള്ളി .വെറുമൊരു കടലല്ല ജീവിതം എന്നദ്ദേഹംവിവരിച്ചു. ജീവിതമാകുന്ന കടൽ മഷിതരുന്ന ഒരു പാത്രം കൂടിയാണ് എന്ന് അവതരിപ്പിച്ചു. ജീവിതം എന്താണെവ്വും,അനുഭവങ്ങൾ എന്താണെന്നും വൈലോപ്പിള്ളി മലയാളികളെ പാടി ഉണർത്തികേൾപ്പിച്ചു കൊടുത്തു ജീവിതകടലിൽ നിന്നും അനുഭവങ്ങൾ കൈ കൊണ്ട് നട്ടു വളർത്തി. ചങ്ങമ്പുഴയുടെയും ഇടപ്പള്ളിയുടെയും വികാര വിശേഷങ്ങൾ മാത്രമായിരുന്നു മലയാളികൾ കേട്ടതും ആസ്വദിച്ചതും . ഇതെല്ലാം ആഹ്ളാദം തന്നെയാണ്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായ ഒരായിരം ആഹ്ളാദങ്ങൾ വേറെയും പറഞ്ഞുക്കൊണ്ട് വൈലോപ്പിള്ളി "മാമ്പഴം" എന്ന കവിത രചിച്ചു. ആ ഈണം മലയാള നാടകത്തെ വീശിക്കൊണ്ടിരുന്നു. ദീർഘകാലം ഈ കവിത മലയാളികളുടെ മനസ്സിൽ ചെറുതേങ്ങലോടെ ഇപ്പോഴും വിടരുന്നു. ഇങ്ങനെയൊരു മാറ്റത്തെ ജീവിതകടലിൽ നിന്നും വൈലോപ്പിള്ളി നിറം നൽകി പടർത്തി.

ഏതു മരവിപ്പിനെയും ഉരുക്കാനും ഏതു വരണ്ട കണ്ണുകളും ഈറനാക്കാനും വൈലോപ്പിള്ളി കവിതയ്ക്ക് സാധിക്കും. വികാരവും പ്രണയവും മാത്രമല്ല ആസ്വാദിക്കാൻ കഴിയുക എന്ന ആശയവുമായി കൊണ്ട് വൈലോപ്പിള്ളി പറഞ്ഞു തന്നു ആ മാറ്റം .

ഇണക്കങ്ങളും,പിണക്കങ്ങളും,ചവർപ്പും,മാധുര്യവും,മരണവും,ജീവിതവുമെല്ലാം ആസ്വാദകരമാണ്. ഇങ്ങനെ ഒരു മാറ്റം വരുത്തി പുതിയ ഒരു- കൈത്തഴക്കം തന്നെയാണ് വൈലോപ്പിള്ളികവിതകൾനമുക്ക് പകരുന്നത്. ഇതു കൊണ്ടെല്ലാം തന്നെ അദ്ദേഹം ഒരു വ്യത്യസ്തനായ ഒരു കവിയാണ്.

താനും തന്റെ കടലും മഷിക്കുപ്പിയും വിത്തുകളും കൊണ്ട് ഒറ്റയ്ക്കൊരു ലോകത്ത്.

(മലയാളം കമ്പ്യൂട്ടിംഗ് : റിഥ .എം .ടി 9 .A )

# എൻ സഖി



ദേവിക.റ്റി.വി 9.G

ഓർമ്മയിൽ പൂക്കുന്ന കാനമിനിയെ നിൻ
മുടിയിഴയെന്തോ ഓതുന്നുവോ
എന്നോടെന്തോ മെല്ലെ മൊഴിയുന്നുവോ
മോഹങ്കൽപത്തിൻ തൂലികയിൽ നീ

തംബുരു മീട്ടുന്ന ദേവതയോ
എന്നെ തഴുകിയുണർത്തുന്ന താരകമോ
നിൻമിഴി താമരപ്പൂവിന്റെ ചന്തമോ
നിൻ ചുണ്ട് ചെമ്പനീർ പൂവിന്റെ ശോണമോ

നിൻ കാരകുന്തളിൽ ചൂടുവാ നിന്നെന്തെ
ഭൂമിമാതാവും പൂപ്പൊഴിച്ചിന്നിതാ
നിന്റെ പാദസ്പർശം കൊണ്ടുഭൂമിയിൽ
പൂക്കുന്നിതാ മോഹമാനസ വീണകൾ

വീണമീട്ടുന്നൊരീ നിൻ മൃദു ഹസ്തങ്ങൾ
ഒഴുകുന്നിതാ ഭൂവിൽ സംഗീത സാഗരം
നീ മൊഴിയുന്നൊരാ വാക്കുകളിന്നെന്റെ
ഹൃദയത്തിലെങ്ങോ പതിച്ചിരുന്നു

എന്റെ ആത്മാവിനാനന്ദം നീ പകർന്നു
നിന്റെ ഹൃദയമിന്നെന്നിൽ പകർന്നു തന്നു
എന്റെ സഖി നീയെന്റെ ജീവനായ് മാറുമീ
നിമിഷവും എന്തെ അകന്നിടുന്നു

നീയെൻ മനസിൽ ജാലകം തീർത്തിടുന്നു
നീയെൻ ഹൃദയത്തിൽ നിന്നും അകന്നിടുന്നു
ഏകനായിന്നുഞാൻ എഴുതുന്നിതാ ഭൂവിൽ
എങ്ങു നീ പോവുന്നു എന്റെ തോഴി

നീയെൻ സഖിയാവാനെന്നും പിറന്നതല്ലേ
ഇന്നു നീയെത്ര ദൂരത്തേക്കു മാഞ്ഞുപോയ്
നിന്റെ ആത്മാവും ഭൂവിൽ ലയിച്ചുപോയ്
ഇന്നെൻ ഹൃദയത്തിൽ തന്ത്രികൾ മീട്ടാൻ

നിൻ ഹസ്തമെന്തേ ചലിക്കാതെപോയ്
എന്നും എൻ മോഹവീണയിൽ അസ്തമിച്ചു
നീ എൻ മോഹവീണയിൽ അസ്തമിച്ചു.

(മലയാളം കമ്പ്യൂട്ടിംഗ് : വൈഷ്ണ കുമാർ.എ 9.G )

## അത്യാഗ്രഹം




തെൻ മല കാട്ടിൽ കുഞ്ഞനെന്നു പേരായ ഒരു കുരങ്ങച്ചനുണ്ടായിരുന്നു.ആർക്കുമൊന്നും കൊടുക്കാത്ത അവൻ അത്യാഗ്രഹിയായിരുന്നു.എന്നുവെച്ചാൽ അറുത്തകൈയ്ക്ക് ഉപ്പ് തേക്കാത്തവൻ.ഒരു ദിവസം കുഞ്ഞൻ കുരങ്ങച്ചൻ പഴുത്തുതുടുത്ത മാമ്പഴങ്ങൾ കണ്ടപ്പോൾ കുഞ്ഞൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി.അവൻ മാവിൻ ചില്ലകൾ തോറും കയറിയിറങ്ങി.മാമ്പഴം പറിച്ച് കറുമുറെ തിന്നാൻ തുടങ്ങി.ഈ സമയം കാണപ്പെട്ട കീരുകാക്കച്ചി കാ....കാ....എന്നു കരഞ്ഞുക്കൊണ്ട് വിശന്നുവലഞ്ഞ് അതുവഴിവന്നു.പഴുത്ത് തുടുത്ത മാമ്പഴം കണ്ടപ്പോൾ അവൾ കുരങ്ങനോട് ചോദിച്ചു:എനിക്ക് മാമ്പഴം തരുമോ? അത്യാഗ്രഹിയായ അവൻ മാങ്ങണ്ടി എടുത്തെറിഞ്ഞ് കീരുകാക്കച്ചിയെ ആട്ടി ഓടിച്ചു.പാവം കാക്കച്ചി അടുത്തുള്ള ഒരു മരത്തിൽ പോയിരുന്ന് കാ..കാ...എന്ന് ഉറക്കെ കരഞ്ഞുക്കൊണ്ടിരുന്നു.പെട്ടെന്ന് മാമ്പഴം തിന്നുക്കൊണ്ടിരുന്ന കുഞ്ഞൻ കുരങ്ങച്ചന് ഒരു അമ്പധം പറ്റി.മാങ്ങണ്ടി അവന്റെ തൊണ്ടയിൽ കുടുങ്ങി.മാവിൻ കൊമ്പിൽ നിന്ന് താഴെ വീണ് അവൻ ശ്വാസം കിട്ടാതെ പിടയ്ക്കാൻ തുടങ്ങി.അതുകണ്ട കീരു കാക്കച്ചി പെട്ടെന്ന് പറന്നുവന്ന് തന്റെ കൊക്ക് കൊണ്ട് കുഞ്ഞൻ കുരങ്ങച്ചന്റെ തൊണ്ടയിൽ കുടുങ്ങിയിരുന്ന മാങ്ങാണ്ടി പുറത്തെടുത്തു.അങ്ങനെ അവൻ രക്ഷപ്പെട്ടു.അതോടെ കുരങ്ങച്ചന് തന്റെ തെറ്റ് മനസിലായി.അവൻ കീരുകാക്കച്ചിയോട് ക്ഷമ പറഞ്ഞിട്ട് അവൾക്കും നാല് മാമ്പഴം പറിച്ചു കൊടുത്തു.കാ...കാ...എന്ന് സന്തോഷത്തോടെ കരഞ്ഞു കൊണ്ട് തിന്നുന്നതു കണ്ടപ്പോൾ ചെല്ലമ്മ തത്ത ഉറക്കെ പാടി.എന്തായാലും പിന്നീടൊരിക്കലും കുഞ്ഞൻ കുരങ്ങച്ചൻ അത്യാഗ്രഹമൊന്നും കാണിച്ചിട്ടില്ല.

# യാത്രാവിവരണം

പ്രകൃതി സംഗമം.....

പകച്ച് പോയ നേരം

പ്രകൃതി സൗന്ദര്യത്തെ തീർത്തും ഹരം പിടിപ്പിക്കും സ്ഥലമാണ് നമ്മുടെ കേരളം.കേരളത്തിലങ്ങോളമിങ്ങോളം മനസ്സിനെ ആഹ്ലാദിപ്പിക്കുന്ന തരത്തിലുള്ള വ്യത്യസ്തങ്ങളാണ് പ്രകൃതി നമുക്കേവർക്കുമായി ഒരുക്കിയിരിക്കുന്നത്.പച്ചപ്പ് നിറഞ്ഞുനിൽക്കുന്ന പുൽമേടുകൾ,വെണ്ണക്കൽ മുത്ത് പോലെ മുകളിൽ നിന്നും താഴേക്ക് പതിക്കുന്ന വെള്ളച്ചാട്ടങ്ങൾ,കളകളാരവം മുഴക്കി ഗ്രാമഭംഗി വിളിച്ചോതുന്ന അരുവികൾ,പളുങ്കുമണികൾ പോലുള്ള കാട്ടാറുകൾ,ഇളംകാറ്റിൽ മന്ദംമന്ദം കാറ്റിലാടുന്ന വൃക്ഷലതാധികൾ,ഭ്രമിക്കു പുതപ്പായുള്ള അന്തരീക്ഷം,അന്തരീക്ഷത്തിനുതാഴെയായി പടർന്നുപന്തലിച്ചുനിൽക്കുന്ന നീലാകാശം,നീലാകാശച്ചെരുവിൽ കാണുന്ന വെൺതാരകങ്ങൾ..... അങ്ങനെയങ്ങനെ നമുക്കേവർക്കും സ്വപ്നസദൃശമായ ദൃശ്യങ്ങളാണ് പ്രകൃതി നമുക്കായി കാത്തുസൂക്ഷിച്ചിരിക്കുന്നത്.എങ്കിലും ഇവയിൽ പലതും നാം കാണാതെ കാണുകയും അഥവാ കാണുകയും ചെയ്തിട്ടുണ്ട്.ഇവയിലെല്ലാം നാം കാണുന്നത് സൗന്ദര്യത്തെയാണ്.നമ്മിൽ ഓരോരുത്തരുടെയും ആഹ്ലാദാനുഭൂതിയെ പുറത്തെടുത്തുവയ്ക്കാമെങ്കിൽ അതിനുള്ള പേരാണ് സൗന്ദര്യമെന്ന്.

എന്നിൽ ഇന്ദ്രിയവിഷയമായി മനസ്സിനിണങ്ങിയ ഒരു ദൃശ്യത്തെക്കുറിച്ച് പറഞ്ഞാൽ എനിക്ക് ഇപ്പോഴും അതൊരു സ്വപ്ന തുല്യമായാണു തോന്നുന്നത്.കാരണം,ഞങ്ങൾ കുടുംബസമേതം ഒരു യാത്രയിലാണ്.ഈ യാത്രയുടെ അവസാനമാണ് കഥ.ഒരർഥത്തിൽ ഈ വിവരണമാണ് ട്വിസ്റ്റ്.അതുവരേയ്ക്കും ഈ യാത്രാവിവരണത്തെ ഒരു സാധാരണ യാത്രാവിവരണമായിവിവക്ഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.സംഗതി ഇതാണ്;

ഞങ്ങളുടെ യാത്ര ചെന്നുനിൽക്കുന്നത് ഇപ്പോഴൊരു കാട്ടിലാണ്.ഉദ്ദിഷ്ട സ്ഥലം ഒരു

പക്ഷേ,കാടായിരുന്നില്ലെങ്കിലും കാടിന്റെ ഭംഗി ആസ്വദിക്കുന്നതിനു വേണ്ടി ഞങ്ങൾ ഈ വനത്തിലെത്തി.ലക്ഷ്യം വിനോദയാത്ര ആണെങ്കിലും അതിലൂടെ ലഭിക്കുന്ന സ്വസ്ഥമായ ശുദ്ധവായുവും ആ ഒരു കുളിരും തണുപ്പും ഒക്കെ സൗന്ദര്യമെന്ന പേരിൽ അരച്ചുകലക്കിക്കുടിക്കാനാണ്.ഞങ്ങൾ ഈ കാടിനെ ഒന്നു ചുറ്റിക്കണ്ടാലെന്താ എന്നാലോചിച്ചു.ഒരു പക്ഷേ,ഈ കാടിനെ ഒഴിവാക്കി ഞങ്ങൾ ഉദ്ദിഷ്ടസ്ഥലത്ത് പോയിരുന്നു എന്നു വയ്ക്കുക.ഇങ്ങനെയൊരു യാത്രാവിവരണം അപ്പോൾ ആവശ്യം വരില്ലായിരിക്കാം.ആ എന്തായാലും കാടുകാണുകയും ചുറ്റിക്കാണണമെന്ന് തോന്നുകയും ചെയ്ത സ്ഥിതിക്ക് നമുക്ക് ശരിക്കങ്ങ് ആലോചിക്കാം.എന്തുക്കൊണ്ട് മനസ്സറിഞ്ഞ് ആഹ്ലാദിച്ചുകൂടാ?അല്ല,അതൊരു സ്വഭാവിക മാനുഷികവികാരമല്ലേ;അതിനെ കുറ്റപ്പെടുത്താൻ പറ്റില്ലല്ലോ?മ

അങ്ങനെ ഞങ്ങൾ കാടുകാണാനിറങ്ങി.വഴിമധ്യേ നാനാജാതി കാട്ടുമൃഗങ്ങളെയും കാണുകയുണ്ടായി.വന്യമൃഗങ്ങളുടെ ഉപദ്രവമുണ്ടെന്ന് ബോർഡ് കണ്ടപ്പോൾ ഞങ്ങൾ കുറച്ചുകൂടി ജാഗരൂഗരായി.കൂട്ടത്തിൽ മുതിർന്നവർ ഞങ്ങളോട് വഴിതെറ്റാതിരിക്കാൻ കൈകൾ പരസ്പരം കോർത്തുനടക്കണമെന്ന് ആവശ്യപ്പെട്ടു.കുറച്ചുനേരം എന്നാൽ കുറച്ച് നേരം മാത്രം ഞങ്ങൾ കൈപിടിച്ച് നടന്നുനോക്കി.നോ രക്ഷ മോനേ!മനുഷ്യരല്ലേ...കാടല്ലേ.....!വീണ്ടും കൈകൾ വിടുവിച്ച് കാടിന്റെ കാഴ്ച്ചകളിൽ മുഴുകി.അങ്ങനെ നടന്നുക്കൊണ്ടിരിക്കെ കാടിന്റെ ഒരു ഭാഗത്ത് വെളിച്ചം കാണപ്പട്ടു.ബന്ധുമിത്രാധികളെ നോക്കിയപ്പോൾ അവർ അത് ശ്രദ്ധിച്ചിട്ടില്ലെന്ന് മനസ്സിലായി."ഇനിയിപ്പോ എന്ത്ത്താ കാട്ടാ?"ഞാനാലോചിച്ചു.ഞാനെന്റെ പാദരക്ഷയിലേക്ക് നോട്ടമയച്ചു.ദൈവാനുഗ്രഹം കൊണ്ട് അത് അയഞ്ഞിരിക്കുകയാണ്.പാദരക്ഷ തീർത്തും അഴിഞ്ഞുപോയെന്ന വ്യാജേന ഞാൻ അതിൽ ചില മിനുക്കു പണികൾ ചെയ്തുകൊണ്ടിരുന്നു.

ഇപ്പോൾ ഞാൻ ശരിക്കും പിന്നിലാണ്.എല്ലാവരും എന്നെ കടന്നു പോയിരിക്കുന്നു."ദൈവം എന്നെ തുണച്ചു"എന്ന് സ്വയം ഉരുവിട്ടുകൊണ്ട് ഞാൻ വെളിച്ചം കണ്ട ദിക്കിലേക്ക് മെല്ലെ നടന്നു തുടങ്ങി.ഞാനവിടേക്കടുത്തുകൊണ്ടിരിക്കുകയാണ്.

(മലയാളം കമ്പ്യൂട്ടിംഗ് : സ്നേഹ )

# ഭയക്കുന്നു ഞാൻ ഓമലേ



നന്ദന സി.പി 10F

എൻപിഞ്ചുകൺമണിയെ
നിന്നെ കാത്തുനിക്കുന്നത്
കേരമരങ്ങൾ നിറഞ്ഞനാടല്ലേ
കാമമരങ്ങൾ നിറഞ്ഞനാട്

നിൻചുണ്ടിൽ വിടരുംപുഞ്ചിരി
ഭയക്കുന്നു ഞാൻ ഓമലേ
എന്തെന്നാൽ
നിൻചുണ്ടിൽ വിടരും പുഞ്ചിരി
ലഹരിയായ് കാണുന്നു മറ്റുചിലർ

നിൻമൃദുലമാം കവിൾതടങ്ങളിൽ
ഞാൻ മുങ്ങീടുമ്പോൾ
ലഹരിനൻ ചുണ്ടിനാൽ
നിന്നെമുത്താൻ കൊതിക്കുന്നു മറ്റുചിലർ

അരുതേ മൃദുലമാം അവൾകവിൾതടം
നിൻചുണ്ടുകളാൽ അശുദ്ധമാക്കരുതേ
അരുതേ കളങ്കമാം അവൾ ഹൃദയം
നിൻകൺകളാൽ അശുദ്ധമാകരുതേ

ദയകുന്നു ഞാൻ ഓമലേ
നിൻചിരിയും ,കളിയും ,സൗന്ദര്യവും
എന്തെന്നാൽ
നിന്നെനുണ്ടയാൻക്കൊതിക്കു

( മലയാളം കമ്പ്യൂട്ടിംഗ് : Deepthi )

# സൗഹൃദം



*വൈഷ്ണ .എൻ 9G*

*ഓർമകൾ നെയ്തെടുത്ത നൂൽക്കെട്ടുകൾ*
*കാലത്തിന്റെ നാളുകൾ വസന്തമാകുന്നു.*
*കാലത്തിന്റെ കരങ്ങളിൽപ്പെട്ട് പെയ്-*
*തൊഴിയുമ്പോൾ മറന്നു പോകുമോ ?*
*സൗഹൃദം*

*മായാത്ത വസന്തംപോലെ*
*വാടാത്ത പൂക്കൾപോലെ*
*എന്നും നിലനിൽക്കുമോ ?*
*സൗഹൃദം*

*ആകാശത്തിന്റെ അനന്തതകളിൽ*
*മറഞ്ഞിരിക്കുന്ന താരകങ്ങൾക്കു*
*നിറമേകുന്നത് ഇരുളാകുന്നു .*
*മരുഭൂമിപോൽ വരണ്ട*
*ജീവിതങ്ങളിലേക്ക് കുളിര -*
*രുവിയായൊഴുകുന്നത് സ്നേഹമാകുന്നു .*
*മറക്കാൻ കഴിയാത്ത ഒരു സ്വപ്നമാണ്*
*എന്റെ സൗഹൃദം*

(മലയാളം കമ്പ്യൂട്ടിംഗ് : പ്രവ്യ പ്രകാശ് 9G )

# ഞാൻ അറിഞ്ഞ ഇന്ത്യ



കീർത്തന. വി 10A

"ധീരയോദ്ദാക്കൾ പൊരുതിയ
ധീരചരിത്രമുറങ്ങുന്ന മണ്ണാണ് ഇന്ത്യ."
"പൊരുതിയ ചിന്തിയ ചോരയിൽ
ജീവിതം പടുത്തുയർത്തിയ
ധീരയോദ്ദക്കളുറങ്ങുന്ന മണ്ണാണ് ഇന്ത്യ."
"ധീരതയെന്ന ചിറകുകളിൽ ഒളിച്ചിരുന്ന
സ്വാതന്ത്ര്യപറവയാണിന്ത്യ."
"സ്വാതന്ത്ര്യത്തിനായ് രക്തം ചിന്തി–
പൊരുതിയൊരു കൂട്ടം ജനത–
യാണിന്ത്യ."
"ഭാരതമക്കൾ പൊരുതി ജയിച്ച
സമാധാനത്തിൻ യുദ്ധാക്കളമാണീ ഇന്ത്യ."
"പക്ഷിപാവത്തിൻ ജീവന്റെ
വിലയറിഞ്ഞ മഹാത്മാവുറങ്ങുന്ന
മണ്ണാണ് ഇന്ത്യ."
"ചരിത്രത്തിനായ് ചരിത്രം തേടി
പോയ തലമുറകളുടെ കഥപറയുന്ന
ഇന്ത്യ."
' 'അതിജീവനത്തിൻ കഥപറയു–
ന്നൊരു പുതുയുഗമാണിന്ത്യ"
"ജയപരാജയത്തിന്റെ സുഖദുഃഖ–
മറിഞ്ഞതിൻ മാർഗംതേടിപോയൊരീ....ഇന്ത്യ."

(മലയാളം കമ്പ്യൂട്ടിംഗ് : *Devika.U*)

# അധ്വാനം സമ്പത്ത്

റംഷിദ

കൃഷിയോട് കൂടുതൽ താൽപര്യം കാണിക്കുന്ന കുടുംബമാണ് രാമുവിന്റെത്. രാമു കൃഷി ചെയ്യാണ് കുടുംബം പോറ്റിയത് . ഒരാപത്തും കൂടാതെ കുടുംബം വളർന്നുപോയി . ഒരിക്കൽ രാമുവിന്റെ മകനായ ഉണ്ണികുട്ടന് ഒരു സംശയം അച്ഛാ അച്ഛാ എന്തിനാണിങ്ങനെ കൃഷി ചെയ്യുന്നത്. എന്റെ ക്ലാസിലെ കുട്ടികളുടെ അച്ചൻമാർ ഡോക്ടറും എഞ്ചിനീയറുമെല്ലാമാണല്ലോ. അച്ചനെന്താ അതിലൊന്നും താൽപര്യം കാണിക്കാത്തത്. എന്റെ അച്ചൻ ഒരു കർഷകനാണെന്ന് പറയാൻഎനിക്ക് നാണക്കേടാ . കൃഷി നമ്മുടെ ജീവിത സമ്പത്താണ് മോനെ. ഒരിക്കൽ അവന് ടീച്ചർ ക്ലാസ്സെടുക്കുമ്പോൾ പറഞ്ഞു . നമ്മുടെ നാട് കൃഷി ചെയ്യാതെ അന്യസംസ്കാരങ്ങളെ ആശ്രയിക്കുകയാണ്. നല്ലൊരു കർഷകന്റെ മോനാണ് നമ്മുടെ ക്ലാസിൽ പഠിക്കുന്ന ഉണ്ണികുട്ടൻ. ഇവനെ നമ്മളെല്ലാവരും ആശ്രയിക്കണം. ടീച്ചർ ഇങ്ങനെ പറഞ്ഞപ്പോൾ രാമുവിന് അഭിമാനം തോന്നി. കൂട്ടുകാരെ കൃഷി നമ്മുടെ സമ്പത്ത്.

(മലയാളം കമ്പ്യൂട്ടിംഗ് : ദേവിക 9 G)

# നിൻ സഞ്ജയനത്തിനായ്...

സഫറഷീദ് 9 D

പ്രപഞ്ചമാമീ ...പുസ്തകതാളുകളിൽ വിളങ്ങിടും ദേശങ്ങളിൽ ജ്വലിക്കുമെൻ മാതെ... നിൻ കരങ്ങളിലല്ലയോ.... ഈ ഈശൻ തൻ സ്വപ്നഭൂമി

ഐശ്വര്യത്തിൻ കിരമങ്ങൾ വർഷിച്ച നിൻ മാതൃത്വത്തിൻ കോന്തലയിൽ നീ ഗർഭധാരണം നടത്തിയ നിൻ സന്തതികൾ നിശതൻയാമത്തിൽ മടങ്ങവേ..... ഒരു യുഗം പുലർന്നതോ കമ്ണുനീർ തോരണത്താൽ......

നിൻ കരിമിഴി നിറഞ്ഞതോ അതോ നിൻ മനം പൊടഞ്ഞതോ നിൻ സന്താനങ്ങളെല്ലാം എങ്ങോ മറഞ്ഞു. നിൻ കണ്ണീർ പ്രവാഹമോ ബഹ്ഉലടമോ കൊണ്ടോ .... എന്തോ നിൻ കോന്തലയിൽ നിന്ന് ഹസ്തങ്ങൾ വെടഞ്ഞു പോയ്....

നിൻ സന്തതി തൻ മാതേ.... നിൻ സന്തതികൾ തൻ മിഴികോൺ നിറയവേ... നിൻ സന്തതികളാം പൊൻമാനുകൾ യോദ്ധാക്കളായ് നിൻ സഞ്ജയത്തിനായ് പടയൊരുക്കി പടയാളികളാം നിൻ മക്കൾ നിനക്കായ്.... മാതേ... നിൻ സഞ്ജയത്തിനായ് സന്തതികൾ രാപകൽ കഴിഞ്ഞു പ്രത്യശതൻ കിരണങ്ങൾ പ്രവഹിച്ചുകൊണ്ട് നിൻ മാതൃത്വത്തിൻ ലഹരിക്കായവർ തൻ മനം തുടിച്ചു.

ഇന്നവർ ഒരുമിക്കുന്നു പടക്കളത്തിൽ പടയാളികളായ് ഹതോ യോദ്ധാക്കളായ് മിഥ്യോ അവർ ഒതുക്കുന്നു. നിൻ സഞ്ജയത്തിനായ് ഹസ്തങ്ങൾ കോർത്തൊരു യജ്ഞം ..... നിനക്കായ് മാതേ .... നിൻ സഞ്ജയത്തിനായ്

(മലയാളം കമ്പ്യൂട്ടിംഗ് : ദേവിക 9 G)

# കുട്ടനും ലുല്ലുവും


ഷാഹിന കെ.പി 9A

ഒരു ദിവസം കുളക്കരയിലൂടെ നടക്കുകയായിരുന്നു കുട്ടനുറുമ്പ് പെട്ടന്ന് അവൻ വെള്ളത്തിൽ ഒരുകടലാസ് തോണി കണ്ടു "ഹയ്യട ഇതിലിരുന്ന് വെള്ളത്തിലൂടെ നീങ്ങാൻ നല്ല രസമായിരിക്കും". അവൻ കരുതി. കുട്ടൻ വേഗം കടലാസു തോണിയിൽ കയറി. ഈ സമയം അതുവഴി ലല്ലു തേനീച്ച പാറിവന്നു."കുട്ടാ എന്നെയും കൂടി തോണിയിൽ കയറ്റുമൊ?"

ലുല്ലു തേനീച്ച ചോദിച്ചു. പക്ഷേ കുട്ടൻ സമ്മതിച്ചില്ല. പാവം ലുല്ലവിന് സങ്കടമായി. വൈകാതെ കുട്ടനുറുമ്പ് കടലാസ് തോണിയിൽ കയറി കുളത്തിലൂടെ നീങ്ങാൻ തുടങ്ങി. പെട്ടന്ന് വലിയ കാറ്റു വീശി. കാറ്റിൽ കടലാസു തോണി മുങ്ങിപോയി. "അയ്യോ രക്ഷിക്കണേ" അവൻ നിലവിളിച്ചു. അതു കേട്ട് ലുല്ലു തേനീച്ച പാറി വന്നു ലുല്ലു കുട്ടനെ പുറത്തു കയറ്റി കരയിലേക്ക് പറന്നു. തോണിയിൽ കയറ്റാത്തതിന് കുട്ടനുറുമ്പ് ലുല്ലു തേനീച്ചയോട് മാപ്പു പറഞ്ഞു

(മലയാളം കമ്പ്യൂട്ടിംഗ് : റിൻഷ 9E & ഹാദിയ 9G )

# നമ്മുടെ സാഹിത്യ നായകർ



വിഷ്ണു എ

## എഴുത്തച്ചൻ

ഇദ്ദേഹത്തെ ആധുനിക മലയാള ഭാഷയുടെ പിതാവെന്നു വിളിക്കുന്നു.പൊന്നാനി താലൂക്കിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു പടിഞ്ഞാറുള്ള തുഞ്ചത്ത് തറവ്ട്ടിലാണ് ജനിച്ചതെന്ന് വിശ്വസിക്കുന്നു സംസ്കൃതം വേദാന്തം തുടങ്ങിയവ അഭ്യസിച്ചിരുന്നു.എസി.16-ാംശകത്തിൽ ജീവിച്ചിരുന്നതായി കരുതപ്പടുന്നു.ആധ്യാതമ രാമായണം ,കിളിപ്പാട്ട്,ഭാരതംകിളിപ്പാട്ട് ഭഗവതംകിളിപ്പാട്ട്,ഉത്തര രാമായണം,ചിന്താരത്നം,ദേവീ മാഹാത്മ്യംകൈവല്യ നവനീതം,ഹരിനാമ കീർത്തനം തുടങ്ങിയ ഒട്ടേറെ കൃതികൾ എഴുത്തച്ഛന്റേതാണ്.സംസ്കൃത പദങ്ങൾ ഇടകലർന്നതെൻകിലും ലളിത ഭാഷയുടെ വൃത്തങ്ങളിലൂടെ മലയാള സാഹിത്യത്തിനും ഭാഷക്കും സ്ഥായിത്യം നൽകിയത് ഇദ്ദേഹമാണ്.

## പൂന്താനം

16-ാം ശതകത്തിൽ ജീവിച്ചിരുന്ന ഭക്ത കവിയായ പൂന്താനം എഴുത്തച്ഛന്റെ സമകാലീനനായിരുന്നു. പെരുന്തൽമണ്ണക്കടുത്തുള്ള കീഴാറ്റൂരിൽ പൂന്താനം ഇല്ലത്താണ് ജനനം.മേൽപത്തൂർ ഭട്ടതരിപ്പാടിനൊപ്പം ഗുരുവായൂർ ക്ഷേത്രത്തിലായിരുന്നു വാസം തികഞ്ഞ ശ്രീ കൃഷ്ണ ഭക്തനായിരുന്നു പൂന്താനം. പല ആപകടങ്ങളിൽ നിന്നും ഭഗവാൻ പൂന്താനത്തെ രക്ഷിച്ചിട്ടുണ്ട് എന്ന് ഐതിഹ്യം.

ജ്ഞാനപ്പാന, ഭാഷാ കർണാമൃതം ,സന്താനഗോപാലംപാന,നാരാണീയസതോത്രങ്ങൾ ദശാവതാര സ്ത്രോതം എന്നിവയാണ് പ്രധാന കൃതികൾ.തനിനാടൻ ഭാഷാ പ്രയോഗമണ് പൂന്താനത്തിന്റെത്.പാനപ്രസ്ഥാനത്തെ അവസാന കണ്ണിയാണ്

പൂന്താനം.

## കുഞ്ചൻ നമ്പ്യാർ

1700-ാം ആണ്ടിനടുത്ത് ജനിച്ച കുഞ്ചൻ നമ്പ്യാർ തുള്ളൽ കൃതികൾ എഴുതുകയും അവതരിപ്പിക്കുകയും ചെയ്തു. കിളളിക്കുറുശ്ശിമംഗലം കലക്കത്ത് ഭവനത്തിൽ ജനനം.അമ്പലപ്പുഴ ദേവ നാരായണ രാജാവിന്റെ ആശ്രിതനായിരുന്നു.മാർത്താണ്ട വർമ്മ മഹാരാജവ് ചെമ്പകശ്ശേരി രാജ്യം കീഴടക്കിയപ്പോൾ തിരുവന്തപുരത്തേക്ക് പോന്നു. കവിസദസിൽ രാമപുരത്ത് വാരിയർ,ഉണ്ണായി വാരിയർ തുടങ്ങിയവരും ഉണ്ടായിരുന്നു. കല്ല്യാണ സൗഗന്ധികം

എന്ന കൃതിയിൽ തുടങ്ങിയതാണ് നമ്പ്യാരുടെ സാഹിത്യ സാമൂഹ്യ പ്രവർത്തനം.സന്താന ഗോപാലം, ബാണയുദ്ധം,സമന്തകംഘോഷയാത്ര,കിരാതം, നളചരിതം,സീതാസ്വയംവരം,ത്രിപുരദഹനം,പാഞ്ചലീ സ്വയംവരം,സഭാപ്രവേശം,കീചകവധം എന്നിങ്ങനെ ധാരാളം കൃതികൾ രചിച്ചു.ഓരോ കൃതിയും സമൂഹത്തിലെ കൊള്ളരുതായ്മക്കെതിരെയുള്ള ചാട്ടവാറടിയായിരുന്നു

## മേൽപ്പത്തൂർ നാരായണാഭട്ടതിരി

16-ാം ശതകത്തിന്റെ ഉത്തരാർധത്തിൽ പൊന്നാനി താലൂക്കിൽ മേൽപ്പത്തൂർ ഇല്ലത്തു ജനിച്ചു. നാരായണീയം അദ്ദേഹത്തിന്റ മുഖ്യ കൃതിയാണ്.

തികഞ്ഞ ശ്രി കൃഷ്ണ ഭക്തനായിരുന്ന മേൽപത്തൂർ ഗുരുവായൂർ അമ്പലത്തിലാണ്വസിച്ചിരുന്നത്. ഈക്ഷേത്രത്തിൽ ഇരുന്നാണ്നാരായണീയം രചിച്ചതെന്ന് ഐതിഹ്യമണ്ട്. സ്തോത്തങ്ങൾ, ചമ്പുക്കൾ,മുക്തകങ്ങൾ,ശാസ്ത്രഗ്രന്ഥങ്ങൾ തുടങ്ങിയ മേഖലകളിൽ അദ്ദേഹത്തിന്റെ കാവ്യ സപര്യ

വ്യാപാച്ചു കിടക്കുന്നു. നാരായണീയം,ശ്ര പദ സപ്തതി,
ഗുരുവായൂർപുരേ ശസ്ത്രോതം ,പ്രത്രിയാസർ വസ്യം
തുടങ്ങി ഇരുപതിലധികം കൃതികൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്

(മലയാളം കമ്പ്യൂട്ടിംഗ് : നിതാ ഷെറിൻ എ.പി & ഷമിതാഷെറിൻ കെ )

പിന്നണിപ്രവർത്തനങ്ങളിലെ ചില നിമിഷങ്ങൾ







